# പതിമൂന്നു ഭാര്യമാർ

## സ്റ്റീവെൻ മിൽഹൌസെർ

**(വിവർത്തനം: പ്രൊഫസ്സർ കുഞ്ഞാപ്പു, D.Sc., Ph.D.)**

## ഭാഗം 1/6

**എനിക്ക്** പതിമൂന്നു ഭാര്യമാരുണ്ട്. "ക്വീൻ ഏൻ ഹൌസു"കൾ ഇടതിങ്ങിയ പട്ടണത്തിൽനിന്നും അധികം ദൂരമില്ലാത്ത ഒരു വീട്ടിൽ ഞങ്ങൾ താമസിക്കുന്നു. അര ഡസനോളം മട്ടച്ചുവരുകളും രണ്ടു വൃത്തഗോപുരങ്ങളുമുള്ള ആ വീടിനെച്ചുറ്റി ഒരു പോർച്ചുമുണ്ട്. എനിക്കും എന്റെ ഓരോ ഭാര്യമാർക്കും സ്വന്തമായി മുറികളുണ്ട്. സായാഹ്നങ്ങളിൽ മുകളിലെ ഡൈനിങ്ങ് മുറിയിൽ ഇളംചുവപ്പു സ്ഫടിക മറയുള്ള തൂക്കുവിളക്കുതട്ടിന്റെ കീഴേ നീളത്തിലുള്ള തീന്മേശയിൽ ഞങ്ങൾ ഒത്തുചേരും. പിന്നീട്, മുന്നിലെ മുറിയിൽ ചെറുസംഘങ്ങളായി റമ്മിയോ പിന്കളോ കളിക്കും. അല്ലെങ്കിൽ, നിറം മങ്ങാൻ തുടങ്ങിയ ചാരുകസേരയിലോ കയ്യുള്ള കസേരയിലോ കുത്തിയിരുന്നു സൊള്ളും. ഭാര്യമാരുമായുള്ള എന്റെ ബന്ധം അൽപ്പം സങ്കീർണ്ണമായിരിക്കാം; എന്നാൽ, അവർ തമ്മിൽ നല്ല ചേർച്ചയാണ്. ആളുകൾ ചിലപ്പോൾ ചോദിക്കും: "എന്തിനാ പതിമൂന്നു ഭാര്യമാർ?". "ഓ", പ്രകാശപൂർണ്ണമായ ചിരി പടർത്തി ഞാൻ പറയും, "വിശിഷ്ട വസ്തുക്കൾ ഇതിൽ കൂടുതൽ ഉണ്ടാകാൻ വയ്ക്കോ?". വാസ്തവത്തിൽ, ഉത്തരം അത്രയൊന്നും ലളിതമല്ല. എന്നാൽ, കൃത്യമായ ഉത്തരം എനിക്കുപോലും പിടികിട്ടാത്ത ഒന്നാണ്. ഒന്നു വ്യക്തമാണ്: ഞാൻ എന്റെ ഭാര്യമാരെ സ്നേഹിക്കുന്നു – ഒറ്റയ്ക്കൊറ്റക്കും ഒരുമിച്ചും. അവരെല്ലാവരുമില്ലാത്ത ജീവിതം എനിക്കു ചിന്തിക്കാനേ വയ്യ. ഒമ്പതു വർഷത്തിൽ ഒന്നിനു പിറകെ ഒന്നായാണ് ഭാര്യമാരെ കല്യാണം കഴിച്ചതെങ്കിലും, ഒരുത്തിയ്ക്കു പകരം വേറെ നല്ലയൊരുവളെ പ്രതിഷ്ഠിക്കുകയാണെന്നോ, ഒരുവളെ തള്ളി മറ്റൊരുവളുമായി പുതുജീവിതം തുടങ്ങുകയാണെന്നോ ഒരിക്കൽപോലും ചിന്തിച്ചിട്ടില്ല. പതിമൂന്നു തവണ വിവാഹം ചെയ്ത ആളെന്ന തോന്നൽ ഒരിക്കലും എനിക്കുണ്ടായിട്ടില്ല – ഒരൊറ്റ വിവാഹം; അതിൽ പതിമൂന്നു ഭാര്യമാർ. വിവാഹമെന്ന സങ്കീർണ്ണപ്രശ്നത്തിനു ഈ പരിഹാരം മറ്റുള്ളവർക്കു

ഉപയോഗപ്രദമാകുമോ, അല്ലെങ്കിൽ മാനവിക വിജ്ഞാനശാഖയ്ക്ക് ഇതു മുതൽക്കൂട്ടാകുമോ എന്നൊന്നും പറയാൻ ഞാനാളല്ല; ഒരു കാര്യം ഉറപ്പായി പറയാം: വേറൊരു മാർഗ്ഗം എനിക്കുണ്ടാകുമായിരുന്നില്ല.

ഇതാ, ഇവിടെ എന്റെ പതിമൂന്നു ഭാര്യമാർ.

# 1

ഞാനും എന്റെ ഒന്നാമത്തെ ഭാര്യയും ഞങ്ങളെപ്പറ്റി ചിന്തിക്കുന്നതിങ്ങനെ: തികച്ചും തുല്യരെന്നു വിശ്വസിക്കുന്നോർ, ഹൃദയം പങ്കുവെക്കുന്നോർ, പ്രേമചകോരങ്ങൾ. വൈകിയുണരുന്ന ഒരു ഞായറാഴ്ച്ച രാവിലെ ഞാൻ കാണുക, കുട്ടിക്കാലത്ത് എനിക്ക് ഇഷ്ടമായിരുന്ന, വെണ്ണതുണ്ടം ഉരുകിയൊലിക്കുന്ന വലിയ ബ്ലൂബെറി പാൻകേക്ക്, അവൾ അതേപോലെ തയ്യാറാക്കി പ്ലേറ്റിൽ വെച്ചിരിക്കുന്നതാണ്. അടുത്ത ഞായറാകുമ്പോൾ, കുട്ടിക്കാലത്ത് ദ്വീപിലെ വേനൽവസതിയിൽ അവൾ കഴിക്കാറുണ്ടായിരുന്ന, അരിഞ്ഞ ഉള്ളിയും പച്ചക്കുരുമുളകും വിതറിയ രണ്ടു മുട്ടയുടെ ഓംലെറ്റ് ഞാനവൾക്കു വിളമ്പും; ചൊവ്വാഴ്ച്ച ഒരു മണിക്ക് ഹെയർ ഡ്രെസ്സിനുള്ള അവളുടെ അപ്പോയിന്റ്മെന്റ് ഞാൻ ഓർമ്മിപ്പിക്കും; വ്യാഴാഴ്ച്ച നാലുമണിക്കു ഡെന്റിസ്റ്റുമായുള്ള എന്റെ അപ്പോയിന്റ്മെന്റ് തെറ്റില്ലെന്ന് അവളും ഉറപ്പുവരുത്തും; ജൂലായിലെ മൂന്നാം വാരാന്ത്യത്തിൽ വെർമോണ്ടിലുള്ള അവളുടെ അമ്മയുടെ വീട്ടിലേക്കു ഞാൻ കാറോടിക്കും; ആഗസ്റ്റിലെ രണ്ടാം വാരത്തിൽ മുനമ്പുപ്രദേശത്തുള്ള എന്റെ പിതാവിന്റെ ഗൃഹത്തിലേക്ക് അവളും വരും; അവളുടെ പുതിയ മഞ്ഞ വേനൽ വസ്ത്രത്തിന്റെ അരികുകളെയും ഞൊറികളെയും ഞാൻ പുകഴ്ത്തും; തുന്നൽ പുറത്തു കാണാത്ത, കീഴറ്റം വരെ കുടുക്കുകളുള്ള എന്റെ ഷർട്ടിന്റെ നേർമ്മഭാവം അവളെ സന്തുഷ്ടയാക്കും; ഇത്തരം ക്രമീകരണങ്ങൾ എല്ലാ ദാമ്പത്യങ്ങളിലും കണ്ടേക്കാമെങ്കിലും ഞങ്ങളുടേത് വളരെ വിമലമായ ഒരു തന്മയത്വം വരിച്ചിരുന്നു. എന്റെ ഒന്നാമത്തെ ഭാര്യയുടെ കൈ വാതിലിന്റെ ഇടയിൽ പെട്ടാൽ ഞാൻ പെട്ടെന്ന് വേദനയോടെ ഓളിയിടും; എനിക്കു ദാഹിച്ചാൽ അവൾ ഐസും പഞ്ചാരയുമിട്ട ഒരു ഗ്ലാസ്സ് നാരങ്ങാവെള്ളം വിഴുങ്ങിക്കുടിക്കും; ഞാൻ മേശയുടെ അറ്റത്തു തട്ടിമുട്ടിയാൽ അവളുടെ കാൽ കക്കിനീലയ്ക്കും; പരവതാനിയിൽ അവൾ തട്ടിത്തടഞ്ഞാൽ ഞാൻ നിലത്ത് ഉരുണ്ടുവീഴും. ഒരു സന്ധ്യയ്ക്ക്, തലേനാൾ ഞങ്ങൾക്ക് ഉത്തരം മുട്ടിയ ക്രോസ്സ് വേർഡ് പ്രശ്നത്തിനു പരിഹാരം ഞാൻ

ചിന്തിക്കയായിരുന്നു; അവളുടെ മുറിയിലേക്കു ചെന്നപ്പോൾ കാണുന്നത്, കട്ടിലിലിരുന്ന് രണ്ടാം നമ്പർ മഞ്ഞ പെൻസിൽകൊണ്ട് മടക്കിപ്പിടിച്ച പത്രത്തിൽ അതിനുള്ള ഉത്തരം അവൾ പൂരിപ്പിക്കുന്നതായിരുന്നു. ഒരിക്കൽ, എൻറെ കാര്യങ്ങളൊന്നും ശരിയായി നടക്കാത്ത ഒരു സമയത്ത്, ആത്മഹത്യാപരമായ വിഷാദത്തിലായിരിക്കാം അവളെന്ന് ഭയപ്പെട്ട് രാത്രിയിൽ ഞാൻ ഉണർന്നു; ഹാളിലേക്ക് ഓടിച്ചെന്നപ്പോൾ ഞാൻ കാണുന്നത്, എന്നെ രക്ഷിക്കൂ എന്നോതുന്ന കണ്ണുകളുമായി, കൈകൾ രണ്ടും ഉയർത്തി വേഗത്തിൽ എന്നിലേക്കു നടന്നടുക്കുന്ന അവളെയായിരുന്നു – ഞങ്ങൾ കൂട്ടിയിടിച്ചില്ലെന്നുമാത്രം! സൂക്ഷ്മതയോടെ അളന്നുമുറിച്ച ഈ സമാനതകൾ, ചിലപ്പോൾ, ബോറെന്നെല്ല അറുബോറെന്നുപോലും എനിക്കു തോന്നാറുണ്ട്. അപ്പോൾ ഞാൻ, വ്യത്യസ്തമായ, പൊട്ടിത്തെറിക്കുന്ന മനോഭാവത്തോടെ ഒരു അസന്തുലിതയ്ക്കോ, പ്രസക്തമായ ഒരു അസാധാരണത്വത്തിനോ, ഉഗ്രമായ ഒരു ഉൾസ്ഫോടനത്തിനോ ആശിക്കും. ഇത്തരം ചിന്തകളുണ്ടായല്ലോ എന്ന അസന്തുഷ്ടതയിൽ, ഇനിയെന്ത് ചെയ്യേണ്ടൂയെന്ന അനിശ്ചിതയിൽ, എന്നെ തീർച്ചയായും മനസ്സിലാക്കുമെന്നുറപ്പുള്ള ആ ഒരുവളെ ഞാൻ അന്വേഷിക്കും; കരം ഗ്രഹിച്ച് അവളുടെ കണ്ണുകളിലേക്കു നോക്കുമ്പോൾ, അജ്ഞാതമായ എന്തിനോ വേണ്ടിയുള്ള എന്റെ അതേ അഭിവാഞ്ഛ, അതേ വിഷാദഭാവം, ഞാൻ കാണും; അപ്പോൾ മുറിയിൽ മുഴുവനും, പൊട്ടിച്ചിരിക്കുന്ന പൊട്ടിത്തെറിയോടെ ഇരുളിൽ ഞാൻ കേൾക്കുക, അസംഖ്യം മൃഗങ്ങളുടെ രോദനംപോലെ പ്രക്ഷുബ്ധമായ അവളുടെ അട്ടഹാസമാണ്.

## 2

എനിക്കു ജീവിതത്തിൽ നിരാശ തോന്നുമ്പോൾ, ഷർട്ടിന്റെ കയ്യിലൂടെ കരങ്ങൾ ഒരു മൃതദേഹം തൂങ്ങിക്കിടക്കുന്നപോലെ അനുഭവപ്പെടുമ്പോൾ, ഗ്ലാസ്സ് ജനലിലെ എന്റെ പ്രതിബിംബം കണ്ണിൽ വീഴുമ്പോൾ, ഹിംസാത്മകതയോടെ ഞാൻ പിന്തിരിയും. എന്നാൽ അതിനു തൊട്ടുമുമ്പേ, എന്നെ ആശ്വസിപ്പിക്കാൻ അറിയുന്ന രണ്ടാമത്തെ ഭാര്യയുടെ അടുത്തെത്തേണ്ട സമയമായെന്ന് ഞാൻ അറിയും. ഒരു കയ്യിൽ ലാപ്ടോപിന്റെ തുകൽസഞ്ചി പിടിച്ച്, മറ്റേ കൈക്കൊണ്ടു താക്കോലെടുത്ത് മുൻവാതിലിൽ എത്തവേ, ആകാംക്ഷയോടെ എന്നെ നോക്കി ആ ദിവസം എങ്ങിനെയുണ്ടായിരുന്നെന്ന് അവൾ ചോദിക്കും; കോട്ടിന്റെ ബെൽറ്റഴിക്കാൻ സഹായിക്കും; തൊപ്പി തൂക്കിയിടും; ലാപ്ടോപിന്റെ സഞ്ചി കുടസ്റ്റാന്റിന്റെ അരികിൽ വെക്കും; അപ്പോഴേക്കും വീതികൂടിയ കൈതാങ്ങിയുള്ള, എനിക്ക് പ്രിയപ്പെട്ട

ചാരുകസേരയിലേക്കെന്നെ അവൾ നയിക്കും; എന്റെ തലയ്ക്കു പിന്നിൽ തലയിണ തിരുകും; എന്നിട്ട് എന്റെ നെറ്റിയിൽ മൃദുലമായി തടവും; എന്റെ കാലുകളുയർത്തി കുഞ്ഞുസ്റ്റൂളിലെ മെത്തയിൽവെച്ച് ഷൂസ്സഴിക്കും; അപ്പോൾ അവളുടെ കവിളുകൾ എന്റെ കാൽ തഴുകുന്നുണ്ടാകും. ഉൽക്കണ്ഠ നിറഞ്ഞ ആർദ്രമിഴികളോടെ നോക്കി അവൾ ചോദിക്കും, "കാര്യങ്ങളെല്ലാം ശരിയല്ലേ?" ആത്മാർത്ഥത തുളുമ്പുന്ന ദൃഷ്ടിയോടെ അവൾ അർത്ഥിക്കും, "എന്താ, ഇന്നത്തെ ദിവസം കുഴഞ്ഞതായിരുന്നോ?"

പിന്നീട്, എന്റെ വസ്ത്രങ്ങൾ അഴിച്ച്, എന്നെ കുളിപ്പിച്ച് കട്ടിലിൽ കിടത്തി, എന്നിലേക്കു ചാഞ്ഞ് അവൾ യാചിക്കും, "ഇത് ഇഷ്ടമല്ലേ, അത് ഇഷ്ടമല്ലേ...?" പിന്നെടെപ്പോഴോ, അവളുടെ അരികിൽ ഉണർന്നുകിടക്കുന്ന എനിക്കു പെട്ടെന്ന് ശങ്ക ജനിക്കും. അവളെ ഞാൻ തീക്ഷ്ണതയോടെ കുലുക്കി വിളിക്കും. ഉറക്കച്ചടവാർന്ന അവളുടെ കണ്ണുകളിലേക്ക് ഉറ്റുനോക്കി ഞാൻ പറയും, "ഒരു എതിരാളി എനിക്ക് അസ്സഹയനീയമാണ്; ഇത്തരം സൂത്രപ്പണികൾ ഇനി കാണിച്ചാൽ ഞാൻ നിന്നെ വിട്ടുപോകും; എന്നെ മുതലെടുക്കാൻ ഒക്കില്ല; ഞാൻ ഇന്നലെയൊന്നുമല്ല ജനിച്ചത്?" ഈ പൊട്ടിത്തെറികൾക്കിടയിൽ ആശ്ചര്യത്താൽ അവളുടെ വിടർന്ന നേത്രങ്ങൾ കണ്ണീരിൽ നിറയും. സാവധാനം എനിക്ക് ആശ്വാസമാകും; ശാന്തത വരും; ക്ലോക്കിൽ കണ്ണോടിച്ച് സമയം വൈകുന്നെന്ന് ഞാൻ അറിയും; കോട്ടുവായിട്ടു കുലുങ്ങി, കണ്ണടച്ച് ഞാൻ ഗാഢനിദ്രയിലേക്കു വഴുതും – സാന്ത്വകമായ ഉറക്കത്തിലാഴുന്ന ഞാൻ, അരികെ ഉണർന്നുകിടക്കുന്ന, എന്റെ സങ്കടകാരണങ്ങൾ അന്വേഷിക്കുന്ന, കഴിഞ്ഞ മണിക്കൂറുകളിലെ സംഭവങ്ങൾ എണ്ണിയെണ്ണി ഓർക്കുന്ന, എന്നെ വേണ്ടപോലെ സ്നേഹിക്കാത്തത്തിനു സ്വയം പഴിക്കുന്ന അവളെ തൊട്ടറിയും. അപ്പോൾ, വിടർന്ന കണ്ണുകളോടെ, തുടിപ്പാർന്ന ഹൃദയത്തോടെ, എന്റെ തോളിൽ അശാന്തമായ കവിളുകളമർത്തും, അവൾ.

***(Copyright © 2013 by Steven Millhauser***
***Reprinted by permission of ICM Partners)***

************************************************************************************************